**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ പാലത്തിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ മണ്ഡലത്തിലെ വർഷങ്ങൾ പഴക്കമുള്ള ഇരിക്കൂർ പാലം ബലക്ഷയം മൂലം ശോചനീയാവസ്ഥയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 1973 ൽ പണിത ഇരിക്കൂർ പാലത്തിന് 50 വർഷത്തെ പഴക്കമുണ്ട്. നിലവിൽ 6 ലക്ഷം രൂപയ്ക്ക് താൽക്കാലികമായി അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്. കെ.എച്ച്.ആർ.ഐ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലത്തിന് ഇരു വശവും Height gauge സ്ഥാപിച്ച് വലിയ വാഹനഗതാഗതം പൂർണമായും നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇരിക്കൂർ പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തി ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം DPR തയ്യാറാക്കാവുന്നതാണ്.<br><br>പാലത്തിലൂടെ LMVവാഹനങ്ങൾ മാത്രമായി പരിമിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ തുടർന്നു വരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാവാൻ സാധിക്കും. |
| (ബി) | പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തികരിച്ച് ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത പാലത്തിൽ ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം എന്ന് പൊതുമരാമത്ത് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രസ്തുത പാലത്തിനു പകരം പുതിയ പാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ